**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 29** **22-07-2021 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങൾക്ക് മാസ്റ്റർപ്ലാൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ . മുഹമ്മദ് മുഹസിൻ പി . ,<br>ശ്രീ. സി.സി. മുകുന്ദൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാരിന്റെ പൊതുമേഖലാ വിരുദ്ധ നയസമീപനങ്ങളുടെയും കോവിഡിന്റെയും പശ്ചാത്തലത്തിൽ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഉണ്ട്. കേന്ദ്രസർക്കാർ പൊതുമേഖലാസ്ഥാപന-ങ്ങളോട് സ്വീകരിച്ചു വരുന്ന നയസമീപനത്തിന് ബദലായി പൊതുമേഖലാസ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ നിലനിർത്തി സംരക്ഷിക്കുന്നതിനുള്ള നടപടികൾ ആണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിരിക്കുന്നത്. കോവിഡിന്റെ വ്യാപനം കാരണം രാജ്യമാകെ ഏർപ്പെടുത്തിയ ലോക്ഡൗൺ പൊതുമേഖലാ-സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെയും ബാധിച്ചിട്ടുണ്ട്. ഗതാഗത സംവിധാനങ്ങൾ നിർത്തലാക്കിയതിനെ തുടർന്ന് അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ് മൂലം ഉത്പ്പാദന ശേഷിയിലുണ്ടായ കുറവ്, ഉൽപ്പന്നങ്ങളുടെ വിപണനത്തിൽ നേരിട്ട പ്രയാസങ്ങൾ, ഉൽപ്പന്നങ്ങൾക്കുണ്ടായ വിലയിടിവ് എന്നിവയാണ് പൊതുസ്ഥാപനങ്ങൾ നേരിടുന്ന പ്രധാന പ്രതിസന്ധികൾ. സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ പ്രത്യേകം വകയിരുത്തി നൽകുന്ന പ്രവർത്തന മൂലധന സഹായം കോവിഡ് മൂലമുണ്ടായ പ്രതിസന്ധികൾ തരണം ചെയ്യുന്നതിനായി പൊതുമേഖലാ സ്ഥാപന-ങ്ങൾക്ക് വളരെയധികം സഹായകരമായിട്ടുണ്ട്. |
| (ബി) | പൊതുമേഖലാ സ്ഥാപനങ്ങളെ പ്രതിസന്ധിയിൽ നിന്നും കരകയറ്റുന്നതിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന നടപടി ഏതുഘട്ടത്തിലാണ് വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും നിലവിലെ സ്ഥിതിയും ഭാവി പദ്ധതികളെ സംബന്ധിച്ചും മൊത്തത്തിൽ അവലോകനം ചെയ്യുകയുണ്ടായി. ഉത്പ്പാദന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനികവത്ക്കരണം, വിപുലീകരണം, വൈവിധ്യവത്ക്കരണം എന്നീ പദ്ധതികൾ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർ പ്ലാനുകൾ കമ്പനി തലത്തിൽ തയ്യാറാക്കുന്നതിനായി മേഖല തിരിച്ച് കമ്പനികളുടെ മാനേജിംഗ് ഡയറക്ടർമാർ ഉൾപെടുന്ന കമ്മിറ്റികൾ രൂപീകരിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കമ്പനികൾ തയ്യാറാക്കിയ കരട് മാസ്റ്റർ പ്ലാനുകളുടെ അവതരണം സർക്കാർ മുൻപാകെ അതാത് മാനേജിംഗ് ഡയറക്ടർമാർ അവതരിപ്പിച്ചു കഴിഞ്ഞു. കരട് മാസ്റ്റർ പ്ലാനുകളെക്കുറിച്ചുള്ള സർക്കാർ നിർദേശങ്ങളും, കമ്പനികളിലെ ഉദ്യോഗസ്ഥരുടേയും യൂണിയൻ പ്രതിനിധികളുടേയും കൂടി അഭിപ്രായങ്ങളും പരിഗണിച്ചതിനു ശേഷം അതാത് മേഖലകളിലെ വിദഗ്ദ്ധർ അടങ്ങുന്ന ഒരു സമിതിയുടെ മുൻപാകെ വിദഗ്ദ്ധ പരിശോധനയ്ക്കായി നൽകുന്നതാണ്. വിദഗ്ദ്ധ സമിതിയുടെ പരിശോധനകൾക്ക് ശേഷം ആഗസ്റ്റ് മാസം 15 ഓടുകൂടി അതാത് കമ്പനികളുടെ മാസ്റ്റർ പ്ലാനുകൾ സർക്കാരിൽ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. |
| (സി) | കേന്ദ്രസർക്കാർ വിൽപ്പനയ്ക്കു വച്ച പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ? | (സി) | കേന്ദ്ര സർക്കാർ സ്വകാര്യവത്ക്കരിക്കുവാൻ തീരുമാനിച്ച സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളായ ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ് കാസർഗോഡ്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിൻറ് ലിമിറ്റഡ് (എച്ച്. എൻ.എൽ) എന്നിവയെ ഏറ്റെടുത്ത് പൊതുമേഖലയിൽ തന്നെ നിലനിർത്തുന്ന ബദൽ വികസന നയമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. ഇതു കൂടാതെ കേന്ദ്ര പൊതുമേഖലാസ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റിനെ ഏറ്റെടുക്കുന്നത് സംബന്ധിച്ച തുടർ ചർച്ചകൾ പുരോഗമിക്കുന്നു. ഇതിൽ എച്ച്.എൻ.എൽ-നെ സംബന്ധിച്ച് എൻ.സി.എൽ.റ്റി, കൊച്ചി ബെഞ്ചിന്റെ വിധി പ്രകാരമുള്ള കോർപറേറ്റ് ഇൻസോൾവൻസി റെസൊല്യൂഷൻ പ്ലാൻ പ്രകാരം 145.60 കോടി രൂപ കേരള സർക്കാർ നൽകി സ്ഥാപനത്തെ കിൻഫ്ര ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. തുടർനടപടികൾ നിർദേശിക്കുന്നതിനായി സാങ്കേതിക സമിതി രൂപീകരിച്ച് നടപടികൾ പുരോഗമിക്കുന്നു. ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ 51% ഓഹരികൾ സംസ്ഥാന സർക്കാരിന് കൈമാറുന്നതിനുള്ള അനുമതി കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചതിനാൽ ഏറ്റെടുക്കൽ നടപടികൾ അന്തിമ ഘട്ടത്തിലാണ്. സ്ഥാപനത്തിന്റെ പുന:രുദ്ധാരണത്തിനാ-വശ്യമായ വിശദമായ പദ്ധതി റിപ്പോർട്ട് എച്ച്.എം.റ്റി.യുടെ |

| | | | |
|---|---|---|---|
| | | | സാങ്കേതിക സഹായത്തോടെ തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ